REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 09-11-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **രാജ്യത്തിന്റെ ആത്മീയ യാത്രയിലും പൈതൃകത്തിലും ജൈന ദർശനങ്ങളുടെ സംഭാവനകൾ മഹത്തരമാണെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ.**
- **നിയമസഹായവും നീതിയും സമൂഹത്തിന്റെ എല്ലാ കോണിലും ഉറപ്പാക്കണമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്ഗരി.**
- **ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പ് രണ്ടാം ഘട്ടത്തിന്റെ പരസ്യപ്രചാരണം വൈകിട്ട് സമാപിക്കും.**
- **അബുദാബിയിൽ സംഘടിപ്പിക്കുന്ന മലയാളോത്സവത്തെ മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് അഭിസംബോധന ചെയ്യും.**
- **വനത്തിലൂടെ തുരങ്കങ്ങളും പാതകളും നിർമ്മിക്കുന്നത് നല്ലതാണോ എന്ന് ചിന്തിക്കണമെന്ന് മന്ത്രി AK ശശീന്ദ്രൻ**

## വാർത്തകൾ വിശദമായി

രാജ്യത്തിന്റെ ആത്മീയ യാത്രയിലും പൈതൃകത്തിലും ജെയിൻ ദർശനങ്ങളുടെ സംഭാവനകൾ മഹത്തരമാണെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. കർണാടകയിലെ ഹാസനിൽ ശ്രാവണബലഗോളയിലെ ജൈന ആചാര്യൻ ശാന്തി സാഗർ മഹാരാജ് അനുസ്മരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംഘകാലത്തും പിന്നീടും, തമിഴ് സാഹിത്യത്തിൽ ജൈന സന്യാസിമാരും പണ്ഡിതരും നൽകിയ സംഭാവനകൾ അദ്ദേഹം എടുത്തുപറഞ്ഞു. ഭൗതിക സുഖങ്ങൾ വെടിഞ്ഞ് ചന്ദ്രഗുപ്തമൗര്യൻ ശ്രാവണബലഗോളയിൽ ചെലവഴിച്ച

കാലവും ഉപരാഷ്ട്രപതി അനുസ്മരിച്ചു. ഉപരാഷ്ട്രപതി സ്ഥാനമേറ്റ ശേഷം ആദ്യമായാണ് അദ്ദേഹം  കർണാടക സന്ദർശിക്കുന്നത്.

വൈകിട്ട്  മൈസൂരുവിലെ JSS അക്കാദമി ഓഫ് ഹയർ എജുക്കേഷൻ ആൻഡ് റിസർച്ചിലെ പതിനാറാമത് ബിരുദദാനച്ചടങ്ങിൽ ഉപരാഷ്ട്രപതി മുഖ്യാതിഥിയാവും. കർണ്ണാടകയിലെ പ്രശസ്തമായ മഠങ്ങളിലൊന്നായ സുത്തൂർ മഠത്തിന്റെ  പഴയ ആസ്ഥാനമന്ദിരവും ഉപരാഷ്ട്രപതി  സന്ദർശിക്കും. ചാമുണ്ഡേശ്വരി ക്ഷേത്രത്തിലും, മണ്ഡ്യ മേൽക്കോട്ടെ ചെലുവനാരായണസ്വാമി ക്ഷേത്രത്തിലും ഉപരാഷ്ട്രപതി ദർശനം നടത്തും.

✪✪✪

ഉത്തരാഖണ്ഡ് രൂപീകരണത്തിന്റെ രജതജൂബിലി ആഘോഷ പരിപാടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഡെറാഡൂണിലെത്തും. ജൂബിലി ചടങ്ങിൽ അനുസ്മരണ തപാൽ സ്റ്റാമ്പ് പ്രധാനമന്ത്രി പുറത്തിറക്കും.

ഉത്തരാഖണ്ഡിൽ 8,000 കോടിയിൽപരം രൂപയുടെ വികസന പദ്ധതികൾക്ക് നരേന്ദ്രമോദി തുടക്കം കുറിക്കും. പൂർത്തീകരിച്ച 930 കോടി രൂപയുടെ പദ്ധതികൾ അദ്ദേഹം നാടിന് സമർപ്പിക്കും.

പ്രധാൻമന്ത്രി ഫസൽ ബീമ യോജനയിൽ 28,000 ത്തിലധികം കർഷകർക്ക് 62 കോടി രൂപ പ്രധാനമന്ത്രി നേരിട്ട് അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറും.

✪✪✪

ഇന്ന് ദേശീയ നിയമ സേവന ദിനം. 1987ൽ ലീഗൽ സർവീസസ് അതോറിറ്റി ആക്ട് നിലവിൽ വന്നത് നവംബർ ഒമ്പതിനാണ്. ഈ ദിവസത്തിന്റെ ഓർമ്മപ്പെടുത്തലാണ്  ദേശീയ നിയമ സേവന ദിനം.

✪✪✪

നിയമസഹായവും നീതിയും സമൂഹത്തിന്റെ എല്ലാ കോണിലും എത്തുന്നുവെന്ന് ഉറപ്പാക്കണമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. നിയമസഹായം പൗരന്റെ അവകാശമാണെന്ന അവബോധം വളർത്തുന്നതാണ് ലീഗൽ സർവീസസ് ദിനാചരണമെന്ന് അദ്ദേഹം സാമൂഹികമാധ്യമത്തിൽ കുറിച്ചു.

✪✪✪

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പ് രണ്ടാമത്തേയും അവസാനത്തേയും ഘട്ട പ്രചാരണം  വൈകിട്ട് അവസാനിക്കും. അവസാനഘട്ടത്തിൽ 136 സ്ത്രീകൾ ഉൾപ്പെടെ 1,302 സ്ഥാനാർത്ഥികളാണ് മത്സരിക്കുന്നത്.

✪✪✪

തലമുറകളുടെ ഐക്യവും വളർച്ചയും രാഷ്ട്രത്തിന്റെ ചൈതന്യവും പ്രചോദിപ്പിച്ച ദേശീയഗീതമായ വന്ദേമാതരത്തിന്റെ 150-ാം വാർഷികം രാജ്യമെങ്ങും ആഘോഷിക്കുകയാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന് വന്ദേമാതരം ഊർജ്ജമേകിയതിനെകുറിച്ച് ആകാശവാണി തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട്.

...... വോയ്സ്......

1905ൽ ബ്രിട്ടീഷ് ഭരണകൂടം ബംഗാളിനെ വിഭജിക്കാൻ ശ്രമിച്ചപ്പോഴാണ് വന്ദേമാതരം എന്ന ഗീതത്തിന്റെ ശക്തിയും പ്രാധാന്യവും ഇന്ത്യൻ ജനത തിരിച്ചറിഞ്ഞത്. സ്വദേശി പ്രസ്ഥാനത്തിന്റെ ആരംഭ ദശയിൽ വന്ദേമാതരം ഏറ്റവും പ്രധാന ഏകീകൃത മുദ്രാവാക്യമായി ഉയർന്നുവന്നു. തെരുവുകളിലും സ്കൂളുകളിലും സ്വാതന്ത്ര്യം തേടുന്നവരുടെ ഹൃദയങ്ങളിൽ വന്ദേമാതരം പ്രതിധ്വനിച്ചു. ഇത് വെറുമൊരു മുദ്രാവാക്യം മാത്രമായിരുന്നില്ല. ബ്രിട്ടീഷ് ഭരണകൂടത്തിനെതിരെ പ്രതിഷേധിക്കുന്നവരെ ഒന്നിപ്പിക്കുന്ന ഒരു മന്ത്രമായി, ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഹൃദയമിടിപ്പായി ഈ ദേശീയ ഗീതം മാറി. ജനങ്ങൾക്കിടയിൽ സ്വയംഭരണത്തിന്റെയും സ്വാശ്രയത്വത്തിന്റെ ആശയം ജ്വലിപ്പിച്ചത് വന്ദേമാതരമാണ്.

1905ൽ വന്ദേമാതരത്തിന്റെ ആത്മാവിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഇന്ത്യൻ ചിത്രകാരൻ അബനീന്ദ്രനാഥ ടാഗോർ ആ വികാരത്തെ ക്യാൻവാസിൽ അനശ്വരമാക്കിയാണ് ഭാരതമാതാവിന്റെ ഛായാചിത്രം സൃഷ്ടിച്ചത്. അരബിന്ദഘോഷ്, രവീന്ദ്രനാഥ ടാഗോർ, ലാലാ ലജ്പത് റായ്,തുടങ്ങിയ മഹാന്മാരായ ദാർശനികർ ഇന്ത്യൻ ജനതയെ ഉണർത്താൻ വന്ദേമാതാരം ഉപയോഗിക്കാൻ പ്രേരിപ്പിച്ചു. മതങ്ങൾക്ക് അതീതമായി ഹൃദയങ്ങളെ ഒന്നിപ്പിക്കുന്ന പവിത്രമായ പ്രാർത്ഥനയാണ് വന്ദേമാതരം.

✪✪✪

കേരളപ്പിറവിയുടെ 70-ാം വാർഷികാഘോഷവുമായി ബന്ധപ്പെട്ട് അബുദാബിയിൽ സംഘടിപ്പിക്കുന്ന മലയാളോത്സവത്തെ മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് അഭിസംബോധന ചെയ്യും. ലോക കേരളസഭ, മലയാളം മിഷൻ, അബുദാബിയിലേയും അൽ-അയ്നിലേയും പ്രവാസിസംഘടനകൾ എന്നിവയുടെ നേതൃത്വത്തിലാണ് പരിപാടി. അബുദാബിയിലെ പരിപാടിക്ക് ശേഷം മുഖ്യമന്ത്രി കേരളത്തിലേക്ക് മടങ്ങും.

✪✪✪

എറണാകുളം - ബംഗലൂരു വന്ദേഭാരത് എക്സ്പ്രസിന്റെ ഉദ്ഘാടന ചടങ്ങിനിടെ RSS ഗണഗീതം പാടിയെന്ന ആരോപണത്തിൽ അന്വേഷണ റിപ്പോർട്ട് നൽകാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് മന്ത്രി V ശിവൻകുട്ടി നിർദേശം നൽകി. മതനിരപേക്ഷ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിൽ സംസ്ഥാന ഗവൺമെന്റ് ഒരു വിട്ടു വീഴ്ചയും ചെയ്യില്ലെന്ന് ശിവൻകുട്ടി തിരുവനന്തപുരത്ത് വ്യക്തമാക്കി.

✪✪✪

വനത്തിലൂടെ തുരങ്കങ്ങളും പാതകളും നിർമ്മിക്കുന്നത് നല്ലതാണോ എന്ന് ചിന്തിക്കണമെന്ന് മന്ത്രി AK ശശീന്ദ്രൻ പറഞ്ഞു. തൃശ്ശൂർ കുതിരാനിൽ തുരങ്കം വന്ന ശേഷം വന്യമൃഗ ശല്യം കൂടിയതായി മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. പാലക്കാട്ട് കാർ മറിഞ്ഞ് മൂന്ന് യുവാക്കൾ മരിച്ച സംഭവത്തെകുറിച്ച് അന്വേഷിക്കുമെന്നും മന്ത്രി അറിയിച്ചു. കാർ മരത്തിലിടിച്ചാണ് അപകടം സംഭവിച്ചതെന്ന് ശശീന്ദ്രൻ പറഞ്ഞു.

✪✪✪

മെഡിക്കൽ കോളേജ് ഡോക്ടർമാരുമായി നാളെ ഉച്ചക്ക് ശേഷം ചർച്ച നടത്തുമെന്ന് മന്ത്രി വീണാ ജോർജ്ജ് അറിയിച്ചു. അടുത്ത വ്യാഴാഴ്ച ഡോക്ടർമാർ സമ്പൂർണ പണിമുടക്ക് പ്രഖ്യാപിച്ച സാഹചര്യത്തിലാണ് തിരുവനന്തപുരത്തെ ചർച്ച. അധ്യാപകസംഘടനയായ KGMCTA മൂന്നാഴ്ചയായി റിലേ അടിസ്ഥാനത്തിൽ OP ബഹിഷ്ക്കരണമടക്കം നിസ്സഹകരണ സമരത്തിലാണ്.

ശമ്പളക്കുടിശ്ശിക അനുവദിക്കുക, ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുക, പുതിയ മെഡിക്കൽ കോളേജുകളിലേക്ക് അനാവശ്യ അധ്യാപക പുനർവിന്യാസം അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം.

✪✪✪

നാടിന്റെ പച്ചപ്പ് സംരക്ഷിക്കുന്നതിന് ഭിന്നശേഷിക്കാരായ കുട്ടികളെ പങ്കാളിയാക്കാൻ ഒരുങ്ങി സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സഹജീവനം എൻഡോസൾഫാൻ സ്നേഹഗ്രാമം.

കാസർകോട്ട് നിന്ന് പി ജഗന്നിവാസൻ..

.....വോയ്സ്.....

✪✪✪

BPCL കൊച്ചി റിഫൈനറി 100 കോടി രൂപ ചെലവിൽ കളമശേരിയിൽ സ്ഥാപിക്കുന്ന നൈപുണ്യ വികസന കേന്ദ്രത്തിന് ധാരണാപത്രം ഒപ്പുവെച്ചതായി മന്ത്രി P രാജീവ് ഫേസ്ബുക്കിൽ അറിയിച്ചു. കളമശ്ശേരി കണ്ടെയ്നർ റോഡിന് സമീപം TCC യുടെ നാലേക്കർ സ്ഥലത്താണ് ഇൻസ്റ്റിട്യൂട്ട് സ്ഥാപിക്കുന്നത്.

വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും നൈപുണിവികസനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്ന ഇൻസ്റ്റിട്യൂട്ടിൽ ഫീസ്, താമസം, ഭക്ഷണം, യൂണിഫോം, പുസ്തകങ്ങൾ എന്നിവ സൗജന്യമായിരിക്കും. ഇതിന് പത്തുകോടി രൂപ വീതം പ്രതിവർഷം BPCL ചെലവഴിക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ ആദ്യ വന്യജീവി സങ്കേതമായ പെരിയാർ വന്യജീവി സങ്കേതത്തിന് എഴുപത്തിയഞ്ച് വയസ് പൂർത്തിയായി. ജൈവ വൈവിധ്യം നിറഞ്ഞ തേക്കടി തടാകം കൂടി ഉൾപ്പെട്ട പെരിയാർ സഞ്ചാരികളുടെ ഇഷ്ട കേന്ദ്രമാണ്.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ....

.........വോയ്സ്.......

1950ൽ പെരിയാർ വന്യജീവി സങ്കേതം ആയി നാമകരണം ചെയ്ത ഈ സംരക്ഷിത മേഖല കടുവാ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി ഇന്ത്യയിലെ പത്താമത്തെ കടുവാ സങ്കേതമായിട്ട് മാറിയിട്ട് 75 വർഷമായി. ലോകത്തിലെ 34 ജൈവ വൈവിധ്യ മേഖലകളിൽ ഉൾപ്പെട്ട പശ്ചിമഘട്ട മലനിരകളിൽ സ്ഥിതി ചെയ്യുന്ന ഈ സംരക്ഷിത മേഖലയ്ക്ക് 925 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണമുണ്ട്.

തേക്കടി തടാകത്തിലൂടെ ബോട്ടിൽ സഞ്ചരിച്ച് വന്യജീവികളെ അടുത്തു കാണാനും നിരീക്ഷിക്കാനും ഉള്ള അസുലഭ അവസരം ഇവിടെ ലഭിക്കും. അതുകൊണ്ട് തന്നെ വിനോദ സഞ്ചാരികളുടെ പറുദീസയാണ് തേക്കടിയെന്ന് പറയാം. വന്യജീവി പരിപാലനത്തോടൊപ്പം തന്നെ വന ആശ്രിത സമൂഹങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള ഇക്കോ ടൂറിസം പ്രവർത്തനം വന്യജീവി പരിപാലനത്തിന് ഒരു മുതൽക്കൂട്ടാകുകയും അത് പ്രാദേശിക ജനങ്ങളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിന് കാരണമാകുകയും ചെയ്തു വരുന്നു.

✪✪✪

മുൻ മന്ത്രിയും കോൺഗ്രസ് നേതാവുമായ MR രഘുചന്ദ്രബാലിന് നാടിന്റെ അന്ത്യാഞ്ജലി. രഘുചന്ദ്രബാലിന്റെ ഭൗതിക ദേഹം ഇപ്പോൾ കാഞ്ഞിരംകുളം ദൃശ്യ ഓഡിറ്റോറിയത്തിൽ പൊതുദർശനത്തിന് വച്ചിരിക്കുകയാണ്.

പൊതുദർശനത്തിന് ശേഷം വൈകുന്നേരം മൂന്ന് മണിക്ക് കാഞ്ഞിരംകുളത്തെ കുടുംബവീട്ടിലെ വളപ്പിൽ രഘുചന്ദ്രബാലിന്റെ ഭൗതിക ദേഹം സംസ്കരിക്കും.

✪✪✪

കേരള സർവകലാശാല മുൻ വൈസ് ചാൻസലർ P മഹാദേവൻ പിള്ള കൊച്ചിയിൽ അന്തരിച്ചു. രാവിലെയായിരുന്നു 67 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. കേരള സർവകലാശാല ഓപ്ടോ - ഇലക്ട്രോണിക്സ് വിഭാഗം മേധാവിയും അപ്ലൈഡ് സയൻസ് ഫാക്കൽറ്റി ഡീനുമായി പ്രവർത്തിച്ചിട്ടുണ്ട്.

✪✪✪

കേരളത്തിലെ മാധ്യമ പ്രവർത്തകരുടെ ക്ഷേമ കാര്യങ്ങളിൽ അനുഭാവ പൂർവ്വമായ പരിഗണന സംസ്ഥാന ഗവൺമെന്റിൽ നിന്ന് ഉണ്ടാകുമെന്ന് മന്ത്രി KN ബാലഗോപാൽ പറഞ്ഞു. പത്തനംതിട്ടയിൽ കേരള പത്രപ്രവർത്തകയൂണിയൻ 61-ാം സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ഗോവയിൽ ഫിഡെ ലോക ചെസ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ഗ്രാന്റ്മാസ്റ്റർ ആർ പ്രഗ്നാനന്ദ അർമേനിയൻ താരം റോബർട്ട് ഹോവാനിഷ്യനെ തോൽപ്പിച്ചു. ഫിഡെ ലോകകപ്പിന്റെ മൂന്നാം റൗണ്ടിൽ പത്ത് ഇന്ത്യൻ താരങ്ങളാണ് മത്സരിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇന്ന് മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

*News Editor വി കെ സുരേഷ്*
*News Reader: ശ്രീജി പൂവ്വത്തിങ്കൽ*
*NRTs: അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*